**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 മാർച്ച് 21, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(15-03-2023-ന് നിയമസഭയ്ക്കകത്തും ബഹു. സ്പീക്കറുടെ ചേംബറിന് മുന്നിലും നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം ഉന്നയിച്ച ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് അഞ്ച് പ്രതിപക്ഷ എം.എൽ.എ.-മാർ സഭയുടെ നടുത്തളത്തിൽ അനിശ്ചിതകാല സത്യാഗ്രഹം ആരംഭിക്കുന്നതായി പ്രതിപക്ഷനേതാവ് പ്രഖ്യാപിക്കുകയും തുടർന്ന് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളുമായി നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു.)

82 (*541) തുറമുഖങ്ങളുടെ സമഗ്ര വികസനം

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) നൽകിയ മറുപടിയിൽ, ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും ബേപ്പൂർ തുറമുഖത്ത് കപ്പൽവഴിയുള്ള ചരക്കുനീക്കം നടത്തുന്നതിനാവശ്യമായ വാർഫ്, ക്രെയിനുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുണ്ടെന്നും കപ്പൽച്ചാലിന്റെ ആഴം കൂട്ടുന്നതിന് 12.5 കോടി രൂപ ചെലവ് വരുന്ന ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഒരു ബർത്ത് കൂടി നിർമ്മിക്കുന്നതിന് ചെന്നൈ ഐ.ഐ.ടി. തയ്യാറാക്കിയ ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും സഭയെ അറിയിച്ചു. ആലപ്പുഴ തുറമുഖത്തെ മറീന തുറമുഖമായി വികസിപ്പിക്കുന്നതുസംബന്ധിച്ച് കേരള മാരിടൈം ബോർഡ് പരിശോധിച്ചുവരുന്നതായും വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ ചെറുകിട തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കം വർദ്ധിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ അത്തരം തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും അഴീക്കലിൽ

പുതിയ ഗ്രീൻഫീൽഡ് തുറമുഖം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. പരിശോധിച്ചുവരികയാണെന്നും വ്യക്തമാക്കി. പൊന്നാനി മാതൃകയിൽ മണൽ ശുദ്ധീകരണ പ്ലാന്റ് തുടങ്ങാൻ താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ടെന്നും വിഴിഞ്ഞത്ത് ക്രൂ ചേഞ്ചിംഗ് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നതായും നീണ്ടകര മാരിടൈം അക്കാദമിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

83 (*542) <u>തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നടപടി</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, തൊഴിൽ നിയമങ്ങൾ അനുശാസിക്കുന്ന സേവന-വേതന വ്യവസ്ഥകൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം മുഖേനയും പരാതികളുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലൂടെയും ഉറപ്പുവരുത്താറുണ്ടെന്നും എൻഫോഴ്സ്മെന്റ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. തൊഴിൽ തർക്കങ്ങളിൽ ഇടപെട്ട് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും കാലാനുസൃതമായ മിനിമം വേതനം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ഗ്രാറ്റുവിറ്റി

നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലുടമകൾ നൽകിയില്ലെങ്കിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ലേബർ കമ്മീഷണർ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്നും ബോണസ് നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ബോണസ് ലഭ്യമാക്കുന്നുണ്ടെന്നും തൊഴിലാളി സൗഹൃദ അന്തരീക്ഷത്തിന്റെയും പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്ത് അവാർഡ് നൽകുന്നുണ്ടെന്നും വജ്ര അവാർഡ് ലഭിച്ച ഏറ്റവും മികച്ച സ്ഥാപനത്തിന് ബഹു. മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡ് നൽകുന്നുണ്ടെന്നും വ്യക്തമാക്കി. നെയ്യാറ്റിൻകരയിലെ എസ്.ബി.റ്റി.സി. എന്ന സ്ഥാപനത്തിന്റെ മാനേജർ വനിതാ തൊഴിലാളിയെ മർദ്ദിച്ച സംഭവത്തിൽ നിയമനടപടി സ്വീകരിച്ചിട്ടുണ്ടെന്നും സ്ഥാപനത്തിൽനിന്നും വേതന കുടിശികയിനത്തിൽ തൊഴിലാളിക്ക് ലഭിക്കേണ്ട മുഴുവൻ തുകയും കൈമാറിയശേഷം തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർക്ക് രേഖാമൂലം രസീത് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സ്ത്രീ തൊഴിലാളികളുടെ സംരക്ഷണത്തിന് 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) നിയമം നടപ്പാക്കുകയും അവരുടെ താമസസൗകര്യത്തിനായി സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി,

തൊഴിലിടങ്ങളിലെ പ്രശ്നപരിഹാരത്തിനായി 'സഹജ' കോൾ സെന്റർ എന്നിവ യാഥാർത്ഥ്യമാക്കുകയും ചെയ്തിട്ടുണ്ട്. മിനിമം വേതന ഷെഡ്യൂളിലുൾപ്പെടുന്ന 87 തൊഴിൽ മേഖലകളിൽ 84-ലും മിനിമം വേതനം നിശ്ചയിച്ചിയിട്ടുണ്ടെന്നും അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലിയും ആനുകൂല്യങ്ങളും ഉറപ്പുവരുത്താൻ വേതന സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും 13 വ്യവസായബന്ധ സമിതികളും ഒരു വ്യവസായബന്ധ ബോർഡും പ്രവർത്തിച്ചുവരുന്നതായും അമ്പതിലധികം തൊഴിലാളികളുള്ള തൊഴിൽ സമുച്ചയങ്ങളിൽ ക്രഷ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിഥി തൊഴിലാളികളുൾപ്പെടെയുള്ള തൊഴിലാളികളുടെ താമസസ്ഥലങ്ങളിൽ തൊഴിൽ വകുപ്പ് പരിശോധന നടത്തിവരുന്നുണ്ടെന്നും ഐ.ടി. മേഖലയിലെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 84 (*543) പത്താം ക്ലാസ് പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും പഠന സൗകര്യം

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഹയർ സെക്കൻഡറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ലെന്നും താൽക്കാലിക ബാച്ചുകളും മാർജിനൽ സീറ്റ് വർദ്ധനവും ഏർപ്പെടുത്തി പ്രവേശന നടപടികൾ തുടർന്നതിനാൽ ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടെയും പ്രവേശനം സാധ്യമായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഹയർ സെക്കൻഡറി പ്രവേശനത്തിന് 4,29,681 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 33,030 സീറ്റുകളും ലഭ്യമാക്കിയിട്ടുണ്ടെന്നും 2022-23 അധ്യയന വർഷത്തിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 45,124 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 3,988 സീറ്റുകളും ഒഴിഞ്ഞുകിടക്കുകയാണെന്നും മതിയായ എണ്ണം കുട്ടികളില്ലാത്ത ഹയർ സെക്കൻഡറി ബാച്ചുകൾ പുനഃക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രൈമറി, സെക്കൻഡറി തലത്തിൽ അധിക തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിയമനങ്ങൾ, തസ്തികമാറ്റം,

സ്ഥാനക്കയറ്റമുൾപ്പെടെയുള്ളവ അംഗീകരിക്കുന്നതാണെന്നും അധിക തസ്തികകൾ നിലവിലെ അനുപാത പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്നും ബൈട്രാൻസ്ഫർ, സ്ഥാനക്കയറ്റം എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും കോവിഡ് കാലത്ത് എയ്ഡഡ് സ്കൂളുകളിൽ 6000-ഓളം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെന്നും അദ്ധ്യാപകക്ഷാമം നേരിടുന്ന സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ടെന്നും അറിയിച്ചു. കഴക്കൂട്ടം സൈനിക സ്കൂൾ നിലനിർത്തുന്നതിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയവുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടെന്നും നിലവിൽ നൽകിവരുന്ന സ്കോളർഷിപ്പ്, ഡയറ്ററി ചാർജ് എന്നിവയ്ക്കുപുറമേ അടിസ്ഥാന സൗകര്യ വികസനം, സ്കൂൾ നടത്തിപ്പ് ചെലവിനായി ശമ്പളവും അലവൻസും ഒഴിച്ചുള്ളവയുടെ മുഖ്യ പങ്ക്, കെട്ടിടം, റോഡ് എന്നിവ സംസ്ഥാന സർക്കാർ നൽകേണ്ടിവരുമെന്നും ഹരിപ്പാട് എൻ.ടി.പി.സി. ക്യാമ്പസിൽ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയം നിലനിർത്തുന്നതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസ് തീർപ്പായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്നും വ്യക്തമാക്കി. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ.,

മറ്റിതര ബോർഡുകൾ എന്നിവയിലെ വിദ്യാർത്ഥികൾക്ക് ഹയർ സെക്കൻഡറിയിൽ പ്രവേശനം ലഭിക്കുന്നതിനുള്ള അവസരം നൽകിയതിനുശേഷമാണ് പ്രവേശന നടപടികൾ അവസാനിപ്പിക്കുന്നതെന്നും 2023-24 അധ്യയന വർഷത്തേയ്ക്കായി 4 കോടി 9 ലക്ഷം പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടെന്നും പാഠപുസ്തകങ്ങളും യൂണിഫോമുകളും 25-03-2023-ന് വിതരണം ചെയ്യുമെന്നും വേനലവധിക്കാലത്ത് വിദ്യാർത്ഥികൾക്ക് 5 കിലോ അരി സൗജന്യമായി നൽകുമെന്നും പാഠ്യേതര വിഷയങ്ങൾക്കുള്ള ഗ്രേസ് മാർക്ക് പുന:സ്ഥാപിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.54-ന് ചോദ്യോത്തരവേളയുടെ ബാക്കി ഭാഗം റദ്ദ് ചെയ്തു.)